LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേന്ദ്രം ഇപ്പോൾ അംഗീകരിച്ചിരിക്കുന്നത് കേന്ദ്രത്തിന്റെ ധനസഹായത്തോടുകൂടി വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള തീരുമാനമാണ്. ഇതിന്റെ ടെണ്ടർ നടപടികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

കാസർഗോഡ് മത്സ്യബന്ധന തുറമുഖം

105 (110) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന് എപ്പോഴാണ് തറക്കല്ലിട്ടതെന്നും എത്ര മാസത്തിനുള്ളിലായിരുന്നു പണി പൂർത്തിയാക്കേണ്ടിയിരുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഇതുവരെ നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ഇനി ഏതെല്ലാം ജോലികളാണ് ബാക്കിയുള്ളത് എന്നും പ്രസ്തുത തുറമുഖം എപ്പോൾ നാടിന് സമർപ്പിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന് 8-1-2010-നാണ് തറക്കല്ലിട്ടത്. 2011-12 സാമ്പത്തിക വർഷം പൂർത്തീകരിക്കുവാനാണ് നിഷ്കർഷിച്ചിരുന്നത്.

(ബി) മത്സ്യബന്ധന തുറമുഖം നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാകാതിരുന്നതിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.

(1) മത്സ്യബന്ധന തുറമുഖത്തിന്റെ പ്രധാന ഘടകങ്ങളായ പുലിമുട്ടുകൾ, തീരസംരക്ഷണഭിത്തി എന്നിവയുടെ ദർഘാസ് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഉണ്ടായിരുന്നതിനാൽ നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടു.

(2) പുലിമുട്ടുകളുടെ നിർമ്മാണത്തിനുവേണ്ടിയുള്ള പാറ ക്വാറിയിൽ നിന്നും പൊട്ടിക്കുന്നത് സംബന്ധിച്ച് പ്രദേശവാസികളുടേയും പരിസ്ഥിതിവാദികളുടെയും പ്രതിഷേധവും ഇടയ്ക്കിടെയുണ്ടാകുന്ന ക്വാറി സമരവും കാരണം പുലിമുട്ടുകളുടെ നിർമ്മാണത്തിന് കാലതാമസം നേരിട്ടു.

(3) വാർഫ്, ലേലപ്പുര എന്നിവയുടെ നിർമ്മാണത്തിന് 19-10-2010-ന് ദർഘാസ് ക്ഷണിച്ചപ്പോൾ കൂടിയ നിരക്ക് ലഭിച്ചതിനാൽ 31-1-2011-ന് പുനർ ദർഘാസ് ക്ഷണിച്ചു. ടി ദർഘാസിലെ നിരക്കും ഉയർന്നതായതിനാൽ ആയത് അംഗീകരിക്കാൻ കാലതാമസം വരുകയും ദർഘാസിന്റെ ഫോം പീരീഡ് അവസാനിച്ചതിനാൽ ദർഘാസുകാരൻ പ്രവൃത്തി ഏറ്റെടുക്കാൻ വിസമ്മതിച്ചു. പിന്നീട് പുതുക്കിയ നിരക്കിൽ സാങ്കേതികാനുമതി നൽകി 27-6-2012-ന് ക്ഷണിച്ച ദർഘാസിന് 24-9-2012-ൽ അംഗീകാരം ലഭിച്ചതിനു ശേഷമാണ് പ്രവൃത്തി ആരംഭിച്ചത്.

(4) മണൽ ഡ്രഡ്ജ് ചെയ്യുന്ന പ്രവൃത്തി 12-7-2013-ന് ആരംഭിച്ച് നല്ലരീതിയിൽ പുരോഗമിക്കവേ മത്സ്യത്തൊഴിലാളികളും പ്രദേശവാസികളും 16-12-2013-ന് ഡ്രഡ്ജിംഗ് പ്രവൃത്തി തടസ്സപ്പെടുത്തിയതിനാൽ ആയത് നിർത്തിവച്ചു പിന്നീട് കളക്ടറുടെ അദ്ധ്യക്ഷതയിൽ ഇ-മണൽ സംവിധാനം വഴി മണൽ നീക്കം ചെയ്യുകൊണ്ടിരിക്കുന്നു.

(സി) വാർഫ്, ലേലപ്പുര, ഇന്റേണൽ റോഡ്, അപ്രോച്ച് റോഡ്, ഡ്രഡ്ജിംഗ് എന്നീ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. ഇതിൽ വാർഫ്, ലേലപ്പുര, ഇന്റേണൽ റോഡ് എന്നിവ 2015 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്. അപ്രോച്ച് റോഡ് നിർമ്മാണം ക്വാറി സമരംമൂലം വൈകിയെങ്കിലും 2015 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കുന്നതാണ്. ഡ്രഡ്ജിംഗ് പ്രവൃത്തിക്ക് രണ്ടുതവണ ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ പുനർ ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. നിലവിലുള്ള അവസ്ഥയിൽ കാസർഗോഡ് മത്സ്യബന്ധന തുറമുഖം 2015 ജൂലൈ മാസത്തോടുകൂടി നാടിന് സമർപ്പിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

തുറമുഖ വകുപ്പിന്റെ 2014-15-ലെ പരിപാടികൾ

106 (111) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ ബഡ്ജറ്റിൽ, തുറമുഖ വകുപ്പിൽ ഏതെല്ലാം പരിപാടികളാണ് നടപ്പാക്കാൻ നിർദ്ദേശിച്ചിരുന്നത് ;

(ബി) ഓരോ പരിപാടികൾക്കും ബഡ്ജറ്റിൽ പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിലായി വകയിരുത്തിയ തുകയെത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പരിപാടികൾക്കായി നാളിതുവരെ ചെലവാക്കിയ തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly